HLM-0049

The Heavenly Light Ministry

ജീവനേ ! എൻ ജീവനേ ! നമോ ! നമോ ! (2)
പാപികൾക്കമിതാനന്ദ പ്രദനാം കൃപാകരാ ! (2)
നീ വാ വാ വാനോർ വാഴ്ത്തും നായകാ
ഞങ്ങളിൽ വാ വാ വാനോർ വാഴ്ത്തും നായകാ.
പാപനാശകാരണാ ! നമോ ! നമോ (2)
പാരിതിൽ നരനായുദിച്ച പരാപരപ്പൊരുളേ ! (2)... നീ വാ...
സർവ്വലോകനായകാ ! നമോ ! നമോ ! (2)
ജീവനററവരിൽ കനിഞ്ഞ നിരാമയാ ! വരദാ ! (2)... നീ വാ...
ജീവജാലപാലകാ ! നമോ ! നമോ ! (2)
ദിവ്യകാന്തിയിൽ ശോഭിച്ചന്ധത മാററും ഭാസ്ക്കരാ (2).....
മന്നവേന്ദ്ര ! സാദരം നമോ ! നമോ ! (2)
മനുകുലത്തിനി വലിയ രക്ഷ നൽകിയ ദയാപരാ ! (2)... നീ വാ....